കളിലുമാണ് പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിയുടെ മുതൽമുടക്ക് 1022 കോടി രൂപയും പദ്ധതി കാലയളവ് 2012-2017 വരെയുമാണ്. ഇതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി താഴെപ്പറയുന്ന ഘടകങ്ങൾ നടപ്പിലാക്കി വരുന്നു:

1. പഞ്ചായത്തുകളുടെ സമഗ്ര കുടിവെള്ള പുനരുദ്ധാരണ പദ്ധതികൾ.

മാളയും അനുബന്ധ പഞ്ചായത്തുകളും

ഊരകവും അനുബന്ധ പഞ്ചായത്തുകളും

ഒഴൂരും അനുബന്ധ പഞ്ചായത്തുകളും

2. ഏക പഞ്ചായത്തുകൾക്കുള്ള ബൾക്ക് സപ്ലൈ പദ്ധതികൾ നടപ്പാക്കുന്നതിലൂടെ ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും, സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. മൂന്ന് ബാച്ചുകളിലായി 11.5 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. ബാച്ച് 1-ലെ 20 ഗ്രാമ പഞ്ചായത്തുകളിലും, ബാച്ച് 2-ലെ 62 ഗ്രാമപഞ്ചായത്തുകളിലും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാച്ച് 1-ൽ വലുതും ചെറുതുമായ 453 കുടിവെള്ള പദ്ധതികളും, ബാച്ച് 2 ൽ 1161 കുടിവെള്ള പദ്ധതികളും നടപ്പാക്കുവാൻ വിഭാവനം ചെയ്തിരിക്കുന്നു. ഇതുമൂലം ഏകദേശം 9,60,000 പേർക്ക് പ്രയോജനം ലഭിക്കും.

(സി) ഇത്തരത്തിലുള്ള പദ്ധതികളുടെ നിർവ്വഹണം ആരംഭഘട്ടത്തിലാണ്. പദ്ധതികൾ കമ്മീഷൻ ചെയ്യു കഴിയുമ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത ഇതുമൂലം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഇതിനായി കേരളാ വാട്ടർ അതോറിറ്റിയിൽ സെക്ടർ ഡെവലപ്മെന്റ് സെല്ലിന് രൂപം കൊടുത്ത് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

സ്വകാര്യ റിസോർട്ടുകൾക്ക് കായൽ-കടൽ തീരങ്ങൾ പതിച്ചുകൊടുക്കൽ

111 (8171) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാർ സ്വകാര്യ റിസോർട്ടുകൾക്ക് എവിടെയെങ്കിലും കായൽ-കടൽ തീരങ്ങൾ പതിച്ചുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് തീരനിയന്ത്രണ നിയമത്തിനനുസരണമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്വകാര്യ റിസോർട്ടുകളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ ; വെളിപ്പെടുത്തുമോ ;

(ഡി) കൈമാറ്റം ചെയ്യുന്ന സ്ഥലത്തിന്റെ വില സംബന്ധിച്ച വകുപ്പുതല റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജലവിഭവ വകുപ്പ് തീരുമാനിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

കനാലുകളുടെയും കായലുകളുടെയും ശുചീകരണത്തിന് നടപടികൾ

112 (8172) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളത്തിലെ കനാലുകളെല്ലാം മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞ് വൈവിധ്യമാർന്ന പകർച്ചവ്യാധികളുടെ ഉറവിടങ്ങളായി മാറിക്കഴിഞ്ഞെന്നും വളരെ അടിയന്തരമായി ശുചീകരണ പ്രവർത്തനങ്ങൾ ആവശ്യമാണെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ ; കനാലുകളുടെയും കായലുകളുടെയും ശുചീകരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ചേർത്തലയിലെ മിൽസ് കനാലും കറിയമുട്ടം കായലും, പട്ടണത്തിന്റെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന എ. എസ്. കനാലും മാലിന്യ കലവറകളാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ; അവ ശുചീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ കനാലുകളിലെയും പുഴകളിലെയും ജലം വിവിധ മാലിന്യങ്ങൾകൊണ്ട് ഗുണനിലവാര ശോഷണം സംഭവിച്ചതാണെന്ന് സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്, കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ എന്നീ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങൾ സ്ഥിരീകരിക്കുന്നു. കനാലുകളിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കംചെയ്യുക, നീരൊഴുക്ക് നിലനിർത്താനാവശ്യമായ പ്രവൃത്തികൾ നടത്തുക, കൂടുതൽ മാലിന്യ

LIBRARY ARCHIVES Kerala Legislative Assembly